കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# പാണ്ടനാട് ഗ്രാമപഞ്ചായത്ത്

# 2016-2017

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി7-1254/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ, തീയതി. 25.10.2017
ഫോൺ : 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണ്ടനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്ത്- 2016 -17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട്ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി7-1254/17 തീയതി: 25.10.2017

# ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 10.01.17 മുതൽ 31.08.17വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 15 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.09.17 മുതൽ<br>28.09.17 വരെ | ശ്രീമതി. പി. കെ. വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ശിവൻകുട്ടി, ഐലാരത്തിൽ | 01 .04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ . ഫൈസൽ. എ. എസ് | 01 .04.2016 മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ഹാൻസി മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീ. ബാലകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ഫിലോമിന | 01 .04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീ. ജേക്കബ് .പി.സി | 01 .04.2016 മുതൽ 31.03.2017 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ബിന്ദു.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ഹരികുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കൃഷ്ണകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ചിത്ര. കെ. ബി | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശ്രീകുമാർ. പി | 01.04.2016 മുതൽ 22.08.2016വരെ |
| | | ഡോ. നിഷ. എസ് | 23.08.2016 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ടീജ എലിസബത്ത് ജോർജ് | 01.04.2016 മുതൽ 31.05.2016 വരെ |
| | | ഡോ. ജ്യോതിഷ് കുമാർ | 01.06.2016 മുതൽ 21.01.2017 വരെ |
| | | ഡോ. രാധികാ. ആർ. നായർ | 22.01.2017 മുതൽ 31.03.2017 വരെ |
| 7 | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്. | ശ്രീമതി. ഷേർളി ജേക്കബ് | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. സൂസൻ ജേക്കബ് | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബിന്ദു ദേവി | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | വി.ഇ.ഒ. | ശ്രീ. ജയകൃഷ്ണൻ. ജി | 01.04.2016 മുതൽ 30.11.2016 വരെ |
| | | (ഒഴിവ് ) | 01.12.2016 മുതൽ 06.12.2016 വരെ |
| | | ശ്രീ. പ്രവീൺ. ടി. ഡി | 07.12.2016 മുതൽ 31.12.2016 വരെ |
| | | ശ്രീ. ജയകൃഷ്ണൻ. ജി | 01.01.2017 മുതൽ 31.01.2017 വരെ |
| | | (ഒഴിവ് ) | 01.02.2017 മുതൽ 09.02.2017 വരെ |
| | | ശ്രീ. പ്രവീൺ. ടി. ഡി | 10.02.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 3 | 2-2 | മൊബൈൽ ടവറിന്റെ പെർമിറ്റ് പുതുക്കിയിട്ടില്ല |
| 4 | 2-3 | ഡി&ഒ ലൈസൻസില്ലാതെയും തൊഴിൽ നികുതി അടയ്ക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 5 | 2-4 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല |
| 6 | 2-5 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല |
| ഭാഗം – 3 | | |
| 8 | 3-1 | പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച – 1.51 കോടി ചെലവഴിച്ചില്ല |
| 9 | 3-2 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൊണ്ട് വനിതകൾക്ക് പ്രയോജനം ലഭിച്ചില്ല; പരിഹാര വകയിരുത്തൽ അനിവാര്യം |
| 10 | 3-3 | ആട് വളർത്തൽ പദ്ധതി - ജില്ലാ തലത്തിൽ നിശ്ചയിച്ച നിരക്കിനേക്കാൾ ഉയർന്ന തുകയ്ക്കുള്ള വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് രൂപയുടെ അധിക ചെലവ് |

| | | |
|---|---|---|
| 11 | 3-4 | കൊല്ലന്തറ കോളനി കുടിവെള്ളപദ്ധതി - ജലഅതോറിറ്റിക്ക് തുക നൽകുന്നതിൽ മാത്രം ഒതുങ്ങി |
| 12 | 3-5 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അർഹമായ അനുകൂല്യം നിഷേധിക്കുന്നു |
| 13 | 3-6 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല |
| 14 | 3-7 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല |
| 15 | 3-8 | പാലിയേറ്റീവ് പദ്ധതിയ്ക്കായുള്ള മരുന്നും സഹായ ഉപകരണങ്ങളും ലഭിച്ചിട്ടില്ല |
| 16 | 3-9 | ദൂര പരിധി കണക്കാക്കാതെ വാഹന വാടക അനുവദിച്ചിരിക്കുന്നു |
| 17 | 3-10 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചില്ല |
| 18 | 3-11 | മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കിയില്ല |
| 19 | 3-12 | ഇ.എം.എസ് .ഭവനപദ്ധതി - വീട്നിർമ്മാണം പൂർത്തീകരിച്ചില്ല |
| 20 | 3-13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല |
| 21 | 3-14 | പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 5.54 ലക്ഷം |
| ഭാഗം – 4 | | |
| 22 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 66148377 | 65711000 |
| വാർഷിക കണക്ക് പ്രകാരം | 26183375 | 2089776 |

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താതിനാൽ ബജറ്റ് പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

<u>നല്കിയതിന്റെ വിവരം.</u>

ഓഡിറ്റ് റിപ്പോർട്ട് ഭാഗം 4-1 ലും അനുബന്ധം 1 , 2 എന്നിവയിലും ചേർത്തിട്ടുണ്ട്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4369847 |
| വരവ് | 21813528 |
| ആകെ | 26183375 |
| ചെലവ് | 20897776 |
| നീക്കിയിരിപ്പ് | 5285599 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6051826 | 4855277 | 80.23 |
| വികസനഫണ്ട് എസ്.സി.പി. | 3786744 | 1837860 | 48.53 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 2714427 | 562542 | 20.72 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 2029801 | 79.45 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3394148 | 1654474 | 48.72 |
| പെർഫോമൻസ് ഗ്രാന്റ് | - | - | - |
| എം.എൻ.ആർ. ഇ. ജി.എസ്. | 12044393 | 12044393 | 100 |
| ബി ഫണ്ട് | 20086975 | 20086975 | 100 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 98 | 27057740 | 60 | 11208652 | 6 | 32 | 61.2 |

## 1-6 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 48.5% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1485365 | 2358723 | 873358 | 58.79 |
| നികുതിയേതര വരവുകൾ | 133808 | 176712 | 42904 | 32 |
| മറ്റ് വരവുകൾ | 154311 | 98438 | (-) 55873 | (-)36 |
| ആകെ | 1773484 | 2633873 | 860389 | 48.5 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38160 | 24 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4008160 | 427 |
| വിധവാപെൻഷൻ | 4286030 | 341 |
| വാർദ്ധക്യകാലപെൻഷൻ | 10278745 | 821 |
| വികലാംഗപെൻഷൻ | 1316420 | 148 |
| അവിവാഹിതപെൻഷൻ | 69460 | 7 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6742/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. സാംഖ്യാ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. മിനിട്സ് ബുക്ക് (സകർമ്മയിൽ തയ്യാറാക്കിയത്) പരിശോധനക്ക് ഹാജരാക്കിയില്ല. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ വസ്തുനികുതി അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല.

## 1-10 ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം,അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കുവേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർ വൈസർ കൺവീനറും വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി.ഡി.എസ് ചെയർപേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ എന്നിവരാണ് പഞ്ചായത്ത് തല ജാഗ്രതാസമിതിയിൽ ഉൾപ്പെടുന്നത്.
പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനായാണ് ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത്. പഞ്ചായത്ത് ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ,ബോധന പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കുകയെന്നത് ഈ സമിതിയുടെ ലക്ഷ്യങ്ങളാണ്. കൂടാതെ താഴെ തലങ്ങളിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയെന്നതും ഇതിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. ആയതിനാൽ ജാഗ്രതാ സമിതികൾ യഥാസമയം വിളിച്ചുകൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2017 | 08/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2013 - 21.11.2013 | 2008-09 മുതൽ 2012-13 വരെ | 20.12.2013 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (ബി) പ്രകാരം സർക്കാർ വകയോ, എയ്ഡഡോ, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ കെട്ടിടങ്ങളുമാണ് നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഈ വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം. 49590/ആർ.സി.2 /12.04.2011 പ്രകാരം അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 14.01.2011 മുതൽ വസ്തു നികുതി ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ട്. (13.01.2011 വരെ നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്) ടി സർക്കുലർ പ്രകാരം സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമാണ് ഇളവ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ- എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ എം. എ. എം. ഇംഗ്ളീഷ് മീഡിയം സ്കൂൾ (വാർഡ് നം. X/2), സ്വാമി വിവേകാനന്ദ ഇംഗ്ളീഷ് മീഡിയം സ്കൂൾ (വാർഡ് VIII/27) എന്നിവയിൽ നിന്നും മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (13/22.09.17) നല്കിയ മറുപടിയിൽ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വസ്തു നികുതിയിൽ അനർഹമായ ഇളവ് അനുവദിക്കുക വഴി തനതു വരുമാനത്തിൽ വരുന്ന ശോഷണം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 മൊബൈൽ ടവറിന്റെ പെർമിറ്റ് പുതുക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 130 (6) പ്രകാരം മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ മൊബൈൽ ടവറിന്റെയും അനുബന്ധ മുറികളുടെയും നിർമ്മാണം പൂർത്തീകരിക്കേണ്ടതും ഉപ ചട്ടം 7 പ്രകാരം സാധുതാ കാലവധിയിൽതന്നെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കു കൂടി പെർമിറ്റ് നീട്ടി നല്കാവുന്നതുമാണ് . നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ചട്ടം 131 പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്

രാമചന്ദ്ര വാര്യർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 612/7-1 വസ്തുവിൽ A T C TELECOM TOWER CORPORATION, KOCHI എന്ന സ്ഥാപനത്തിന് മൊബൈൽ ടവർ സ്ഥാപിക്കുവാൻ A3- 2287/15 /12.05.16 നമ്പർ ബിൽഡിംഗ് പെർമിറ്റ് പ്രകാരം 11.05.2017 വരെയുള്ള ഒരു വർഷ കാലയളവിലേക്ക്

നിർമ്മാണാനുമതി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും (09/17) ഈ ടവറിന്റെ പെർമിറ്റ് നീട്ടിലഭിക്കുന്നതിന് അപേക്ഷ നൽകുകയോ, പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല എന്ന് ഈ വിഷയത്തിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം നം. 9/22.09.17ന് ഉള്ള മറുപടിയിൽ അറിയിച്ചു. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസില്ലാതെയും തൊഴിൽ നികുതി അടയ്ക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക -1 ക്രമ 149 ൽ ഉൾപ്പെടുന്ന രീട്ടെയിൽ റേഷൻ ഡിപ്പോയുടെ നടത്തിപ്പിന് ഡി&ഒ ലൈസൻസ് അനിവാര്യമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകളൊന്നും തന്നെ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. കൂടാതെ ഡിപ്പോ ജീവനക്കാർ തൊഴിൽ നികുതിയും അടയ്ക്കുന്നില്ല. റേഷൻ ഡിപ്പോകൾ നിയമാനുസൃതമായി പ്രവർത്തിക്കുന്നു എന്ന് പഞ്ചായത്ത് ഭരണ സമിതി ഉറപ്പു വരുത്തേണ്ടതാണ്. ചട്ട ലംഘനം തുടരുന്ന പക്ഷം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 വിവക്ഷിക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ് .

## 2-4 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 (1)പ്രകാരം പ്രകൃതി ക്ഷോഭം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം കഷ്ടപ്പെടുന്ന പഞ്ചായത്ത് നിവാസികളായുള്ളവർക്ക് ആശ്വാസ ധനം അനുവദിക്കുന്നതിലേക്ക് ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും ചട്ടം 3(2) പ്രാകാരം ഈ നിധിയിലേക്കുള്ള ധന ശേഖരണാർത്ഥം കലാപരിപാടികൾ സംഘടിപ്പിക്കുക, സംഭാവന സ്വീകരിക്കുക എന്നിവ ചെയ്യാവുന്നതുമാണ് .

ഗ്രാമ പഞ്ചായത്തിൽ മേൽ ചട്ട പ്രകാരമുള്ള നിധി രൂപീകരിച്ച് അടിയന്തിര സാഹചര്യങ്ങളിൽ ആശ്വാസ ധനം അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ധനം സ്വരൂപിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ ചട്ടത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇത് തനതു ഫണ്ടിന് അധിക ബാദ്ധ്യത വരുത്തുന്നില്ല . വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം, ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000/- രൂപ നിരക്കിൽ കുറഞ്ഞത് 48,000/- രൂപ പ്ലാസ്റ്റിക് മാലിന്യ ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശത്തിന്മേൽ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച – 1.51 കോടി ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 2.6 കോടി രൂപ ലഭിച്ചിരുന്നു. ഇതിൽ 1.09 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് 42.06%. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്തു പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 1.51കോടിയും നിഷ്ക്രിയമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക (രൂ.) | ചെലവഴിച്ച തുക (രൂ.) | ബാക്കി തുക (രൂ.) | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 6467445 | 4855277 | 1612128 | 75.07% |
| വികസന ഫണ്ട് - SCP | 6753037 | 1837860 | 4915177 | 27.21% |
| വികസന ഫണ്ട് - TSP | 0 | 0 | 0 | 0% |
| മെയിന്റ. ഗ്രാന്റ് - റോഡ് | 2714427 | 562542 | 2151885 | 20.72% |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 4185005 | 2029801 | 2155204 | 48.50% |
| ധന. കമ്മീഷൻ ഗ്രാന്റ് | 4103794 | 1654424 | 2449370 | 40.31 |
| പെർഫൊർമൻസ് ഗ്രാന്റ് | 1787567 | 0 | 1787567 | 0% |
| ആകെ | 26011275 | 10939904 | 15071331 | 42.06% |

16524409/- രൂപ അടങ്കലിൽ സ്പിൽ ഓവർ പദ്ധതിയുൾപ്പെടെ 52 മരാമത്തു വേലകൾ ആവിഷ്കരിച്ചെങ്കിലും 1082667/- രൂപ മാത്രമാണ് തൻ വർഷം ചെലവഴിക്കാൻ കഴിഞ്ഞത്. തൻ വർഷം പൂർത്തീകരിച്ച 12 പദ്ധതികളാകട്ടെ ക്യൂ ലിസ്റ്റിലാവുകയും ചെയ്തു.

സാമ്പത്തികമായി വളരെയധികം പിന്നാക്കം നിൽക്കുന്ന ധാരാളം ജനങ്ങൾ അധിവസിക്കുന്നതും തീരെ കുറഞ്ഞ തനതു വരുമാനം മാത്രവുമുള്ള ഒരു പ്രദേശമാണ് പാണ്ടനാട് ഗ്രാമ പഞ്ചായത്ത്. ഭൌതിക സൌകര്യങ്ങൾ തീരെ കുറഞ്ഞ ഈ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൊണ്ട് വനിതകൾക്ക് പ്രയോജനം ലഭിച്ചില്ല; പരിഹാര വകയിരുത്തൽ അനിവാര്യം

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കേണ്ടതാണെന്നും ഇതിനായി വികസന ഫണ്ടിൽനിന്നും 10% തുക വനിതാ ഘടക പദ്ധതിക്ക് നീക്കിവയ്ക്കേണ്ടതാണെന്നും സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി മൂത്രപ്പുരകൾ സ്ഥാപിക്കുക, സ്ത്രീകൾ ധാരളമായി എത്തുന്ന ഓഫീസുകളിലും, പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്കുമാത്രമായി മൂത്രപ്പുരകളും, കക്കൂസുകളും നിർമ്മിക്കുക, സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള മറ്റ് പദ്ധതികളുമാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം ടി ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വനിതകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന എന്ന് ഉറപ്പാക്കാൻ കഴിയാത്ത കിണർ നിർമ്മാണം, അംഗൻവാടി പോഷകാഹാരം, വർക്കർമാർക്കും ഹെൽപ്പർമാർക്കും അധികവേതനം, ആട്ട വളർത്തൽ എന്നീ പ്രോജക്ടുകൾക്കായാണ്. വനിതാ ഘടക പദ്ധതി തുകയിൽനിന്നും ഈ പ്രോജക്ടിന് ചെലവഴിച്ച 1442660/- രൂപയ്ക്ക് സമാനമായ തുക 2018-19 ലെ വാർഷിക പദ്ധതിയിൽ പരിഹാര വകയിരുത്തൽ നടത്തി അപാകത പരിഹരിക്കേണ്ടതാണ്.

## 3-3 ആട് വളർത്തൽ പദ്ധതി - ജില്ലാ തലത്തിൽ നിശ്ചയിച്ച നിരക്കിനേക്കാൾ ഉയർന്ന തുകയ്ക്കുള്ള വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് രൂപയുടെ അധിക ചെലവ്

1. പ്രോജക്ട് നമ്പർ - S0010/17 (ജനറൽ)

അടങ്കൽ - 192000/-

ചെലവ് - ബിൽ നമ്പർ :7/16-17, തീ. 31.3.17 – 36000/- (പദ്ധതി വിഹിതം)

ഗുണഭോക്തൃ വിഹിതം - 36000/-

2. പ്രോജക്ട് നമ്പർ - S0009/17 (എസ്സ്.സി.)

അടങ്കൽ - 312000/-

ചെലവ് - 6/16-17, തീ. 31.3.17 – 30000/- (പദ്ധതി വിഹിതം)

ഗുണഭോക്തൃ വിഹിതം - 18000/-

മേൽ പ്രോജക്ടുകൾ പ്രകാരം ജനറൽ വിഭാഗത്തിൽ 3 ഗുണഭോക്താക്കൾക്കായി 9 ആടുകളെയും എസ്. സി. വിഭാഗത്തിൽ 2 ഗുണഭോക്താക്കൾക്കായി 9 ആടുകളെയും (ഒരു ഗുണഭോക്താവിന് 3 എണ്ണം @ 8000/-) അമ്പാടി ഗോട്ട് ഫാം, പാണ്ടനാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ്ഗരേഖയിൽ ടി പദ്ധതിയ്ക്കായി ആടുകളെ വാങ്ങേണ്ടത് ജില്ലാ തലത്തിൽ നിശ്ചയിച്ച വിലയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം മൃഗസംരക്ഷണ മേഖലയിലെ ജനകീയാസൂത്രണ പദ്ധതികൾക്കും വകുപ്പുതല പദ്ധതികൾക്കും ആവശ്യമായ ജീവനോപാധികളുടെ വില 21.07.2016 ലെ ബി2-6811/16/ആസൂ. നമ്പരായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിശ്ചയിച്ചിരുന്നു. ഇതിൻ പ്രകാരം, 8 മുതൽ 12 മാസം വരെ പ്രായമുള്ള ആടിന് നിശ്ചയിച്ചിട്ടുള്ള വില 6000/- രൂപയാണ്. എന്നാൽ പ്രസ്തുത രണ്ട് പദ്ധതികളിലും ഒരു വയസ്സ് പ്രായമുള്ള മലബാറി/ സങ്കരയിനം ആടിനെ വാങ്ങിയത് ഒന്നിന് 8000/- രൂപയ്ക്കാണ്. (രണ്ട് പ്രോജക്ടുകളുടെയും അംഗീകൃത പദ്ധതി രേഖയിൽ കുറഞ്ഞത് ഒരു വയസ്സ് പ്രായമുള്ള മലബാറി/ സങ്കരയിനം ആടുകളെ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്) ഇത് പ്രകാരം ജനറൽ/ എസ്. സി പ്രോജക്ടുകളിലായി ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താവിന് അനുവദിക്കാവുന്ന സബ്സിഡി വിലയുടെ 50% ആണ്. (പരമാവധി 12000/- രൂപ, കുറഞ്ഞത് 3 ആടുകളെ വാങ്ങണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി) ഇത് പ്രകാരം പ്രോജക്ടിനായി ചെലവഴിക്കാവുന്ന പദ്ധതി വിഹിതം 27000/- (3x3x6000/2) രൂപയാണ്. എന്നാൽ പ്രോജക്ടിൽ ആടിന്റെ വിലയായി 8000/- രൂപ നൽകിയത് മൂലം പദ്ധതി വിഹിതം 36000/- (3x3x8000/2) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചത് മൂലം 9000/- രൂപയുടെ (36000-27000) അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചിയിക്കുന്നു.

എസ്. സി. വിഭാഗത്തിലുള്ള ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം അനുവദിക്കാവുന്ന സബ്സിഡി വിലയുടെ 75% തുകയാണ്. (പരമാവധി 15000/- രൂപ, കുറഞ്ഞത് 3 ആടിനെ വാങ്ങണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി) ഇത് പ്രകാരം പ്രോജക്ടിനായി ചെലവഴിക്കാവുന്ന പദ്ധതി വിഹിതം 27000/- (3x2x6000x75%) രൂപയാണ്. എന്നാൽ പ്രോജക്ടിൽ ആടിന്റെ വിലയായി 8000/- രൂപ നൽകിയത് മൂലം പദ്ധതി വിഹിതം 30000/- (3x2x8000x67.5%) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലഴിച്ചത് മൂലം 3000/- രൂപയുടെ (30000-27000) അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചിയിക്കുന്നു.

കൂടാതെ ഗുണഭോക്താക്കൾക്ക് നൽകിയ ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 കൊല്ലന്തറ കോളനി കുടിവെള്ളപദ്ധതി - ജലഅതോറിറ്റിക്ക് തുക നൽകുന്നതിൽ മാത്രം ഒതുങ്ങി

പ്രോജക്ട് നം - S0112/17 ,

അടങ്കൽ - 30000, ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - ബിൽ നം. 1-16/17, തീയതി. 25.03.2017

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

വാട്ടർ അതോറിറ്റി പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലപ്പുഴയുടെ 19.10.16 ലെ KWA/PHA/D4/3918/2016-17 കത്തിൽ കൊല്ലന്തറ കോളനി കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കിയതിനാൽ 30000 രൂപ കൂടി ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിലുൾപ്പെടുത്തി 30000/- രൂപ ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

2014-15 ഓഡിറ്റ് റിപ്പോർട്ടിൽ കൊല്ലന്തറ കോളനിയിലെ കുടിവെള്ള പദ്ധതിക്കായി നൽകിയ 250000/-രൂപ ജലഅതോറിറ്റിയിൽ നിക്ഷേപമായി തുടരുന്നെന്നും നിർവ്വഹണ ഉദ്യഗസ്ഥനായ അസി.എഞ്ചിനിയറുമായി കരാർ ചമക്കാതെയാണ് തുക നൽകിയതെന്നും പദ്ധതി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ പോലും ജലഅതോറിറ്റി നടത്തിയിട്ടില്ലെന്നും ആയതിനാൽ ജല അതോറിറ്റിയിൽ നിക്ഷേപമായുള്ള തുക തിരികെ വാങ്ങാൻ നടപടി സ്വീകരിക്കുന്നതാണെന്നും നിർവഹണഉദ്യോഗസ്ഥൻ മറുപടി നല്കിയതായി ചൂണ്ടികാണിച്ചിരുന്നു. എന്നാൽ തുക നൽകി വർഷങ്ങൾക്ക് ശേഷവും ജല അതോറിറ്റിയിൽ നിന്ന് തുക തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. വർഷങ്ങൾക്ക് ശേഷവും പ്രവർത്തി ആരംഭിക്കാതെ 2016-17ൽ ജല അതോറിറ്റി അധികതുക ആവശ്യപ്പെട്ടപ്പോൾ കരാർ ചമയ്ക്കാതെ നൽകുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പമ്പ് ഹൌസ് നിർമ്മാണം എന്നയിനം ഉൾപ്പെടുത്തയിട്ടുണ്ടെങ്കിലും നിർമ്മാണത്തിനായി ഭൂമി കണ്ടെത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. മേൽ അപാകതകളാൽ 30000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പ്ര 15/28.9.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അർഹമായ അനുകൂല്യം നിഷേധിക്കുന്നു

പ്രോജക്റ്റ് നം. - 37/17, 5/17

നിർവ്വഹണം - ICDS സൂപ്പർവൈസർ

അടങ്കൽ - 368100/- (114100 + 254000)

ചെലവ് - 114000

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത് 2.54 ലക്ഷം രൂപയുടെ ആനുകൂല്യം നിഷേധിച്ചു. 2016-17 വർഷം പഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് സ്പിൽ ഓവർ പദ്ധതിയുൾപ്പെടെ രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ ടി സാമ്പത്തിക വർഷം പുതിയതായി ആവിഷ്കരിച്ച പദ്ധതി മാത്രമാണ് നടപ്പാക്കിയത്. പദ്ധതി പ്രകാരം പഞ്ചായത്തിലെ 20 കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനുള്ള പ്രോജക്റ്റ് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽനിന്നുമുള്ള വിഹിതം ലഭ്യമാക്കാതെ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം ഉപയോഗിച്ചാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്. ഇക്കാരണത്താൽ 2016-17 വർഷം സ്കോളർഷിപ്പ് നൽകിയ 20 വിദ്യാർത്ഥികൾക്കും അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. 20 ഗുണഭോക്താക്കൾക്ക് പൂർണ്ണ തോതിൽ ആനുകൂല്യം നൽകുന്നതിന് 4 ലക്ഷം രൂപ ആവശ്യമായിരുന്നു. പദ്ധതിക്ക് ആവശ്യമായനിരക്കിൽ തുക വകയിരുത്തുകയോ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുകയോ ചെയ്യാതെ ലഭ്യമായ തുകയിൽ പരിമിതപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുകയാണ് ഉണ്ടായത്. (3000 മുതൽ 6000 രൂപ വരെ).

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 15200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300/- രൂപ മുതൽ 20000/- രൂപ വരെയും സഹായം നൽകാമെന്നിരിക്കെ മതിയായ ഫണ്ട് വകയിരുത്താതെ തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തന്റെ അവഗണനയാണ് സൂചിപ്പിക്കുന്നത്. സ്പിൽ ഓവർ പദ്ധതി നടപ്പാക്കാതിരുന്നതും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഭാവിയിൽ ഈ പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ലഭ്യമാക്കുന്നതിനും മതിയായ ഫണ്ട് വകയിരുത്തി ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 07.07.2010ലെ 37242/ഡിഡി3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി പ്രാരംഭ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ പോലും പഞ്ചായത്തിന്റെ ഭാഗത്തു നാളിതുവരെയും ഉണ്ടായിട്ടില്ല. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതചാർജ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുള്ള സത്വര

നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല

| | | |
|---|---|---|
| പ്രോജക്ട് നം | :- | 107/17 |
| പ്രോജക്ടിന്റെ പേര് | :- | തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി |
| അടങ്കൽ | :- | 200000/- |
| ചെലവ്/ ഫണ്ടിനം | :- | വികസനഫണ്ട് (ജനറൽ) |
| നിർവ്വഹണം | :- | സെക്രട്ടറി |
| ഡിഡി നം./തീയതി | :- | ഡി. ഡി. (നം. 605836/ തീയതി 19.10.2016) |

തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എബിസി (ആനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽനിന്നും 200000 രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുപരിധിയിൽ നടത്തിയിട്ടില്ല. പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കി പുരോഗതി നിരീക്ഷിക്കേണ്ടതും ചെലവിനെ സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. തുക തടസ്സപ്പെടുത്തുന്നു.

## 3-8 പാലിയേറ്റീവ് പദ്ധതിയ്ക്കായുള്ള മരുന്നും സഹായ ഉപകരണങ്ങളും ലഭിച്ചിട്ടില്ല

പ്രോജക്ട് നം. :- 11/16-17

അടങ്കൽ :- 5,00,000/-

ചെലവ് :- 490890/-

ബിൽ നം. :- 4/16-17/23.03.2017

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പാലിയേറ്റീവ് പദ്ധതിയ്ക്ക് മരുന്നും രോഗികൾക്കുള്ള സഹായ ഉപകരണങ്ങളും വാങ്ങുന്നതിനായി KMSCL ന്റെ PRF4002/21.03.2017 പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ 2,05,200/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയതിന്റെയോ തുക കൈപ്പറ്റിയതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെയും, ഇല്ലായെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/22.09.2017) മറുപടി നല്കിയില്ല. മരുന്നിന്റെ ലഭ്യത സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 205200/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ദൂര പരിധി കണക്കാക്കാതെ വാഹന വാടക അനുവദിച്ചിരിക്കുന്നു

പാലിയേറ്റീവ് പദ്ധതി സംബന്ധിച്ച ജി.ഒ (ആർ.ടി) 3217/15/ ത.സ്വ .ഭ.വ /29.10.15 ഉത്തരവു പ്രകാരം ഹോം കെയർ യാത്രയ്ക്കുള്ള വാഹനത്തിന് ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 25-34 വരെയുള്ള ദൂരത്തിന് 900/- രൂപയും 35-44 വരെയുള്ള ദൂരത്തിന് 1000/-രൂപയും 45-54 വരെയുള്ള ദൂരത്തിന് 1100/- രൂപയുമാണ് പരമാവധി നല്കാവുന്നത്. പാണ്ടനാട് സി.എച്ച്.സി മുഖേന നടത്തുന്ന പാലിയേറ്റീവ് പദ്ധതിയ്ക്കായി

ഉപയോഗിക്കുന്ന KL-30/D 3763 TATA IRS വാഹനത്തിന് ദൂര പരിധി കണക്കാക്കാതെ 950/- രൂപയാണ് എല്ലാ ഹോം കെയർ ദിവസങ്ങളിലേക്കും അനുവദിച്ചിട്ടുള്ളത്.

ഓഡിറ്റ് വർഷം വാഹനത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/22.09.2017)മറുപടിയോ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളോ ലഭ്യമാക്കിയില്ല. മാർഗ്ഗ നിർദ്ദേശ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണ്. വിഷയം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിനായി 200000/- രൂപ (S0041/17 മെയിന്റനൻസ് ഗ്രാന്റ്, ബിൽ നം. 1-16/17 തീ.30.1.17) ഹോംകോയ്ക്ക് നൽകിയെങ്കിലും മരുന്ന് നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകുന്നതുവരെ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കിയില്ല

ഓരോ പ്രദേശത്തെയും മാലിന്യപ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടാകുക എന്ന ലക്ഷ്യത്തോടെ കർമ്മപരിപാടികൾ തയ്യാറാക്കി നടപ്പാക്കുന്നതിലേയ്ക്കായി 12-ാം പഞ്ചവത്സര പദ്ധതി പ്രത്യേക നിർദ്ദേശം നല്കിയിരുന്നു. മാലിന്യസംസ്കരണത്തിന് വേണ്ടിയുള്ള വകയിരുത്തൽ നിർബന്ധിതവും പ്രോജക്ട് അംഗീകാരത്തിന് അത്യാവശ്യവുമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 12-ാം പഞ്ചവത്സര പദ്ധതിക്കാലത്തെ എല്ലാ സാമ്പത്തിക വർഷവും ഈ വിഭാഗത്തിൽപ്പെട്ട പ്രോജക്ട് ആസൂത്രണം ചെയ്തിരുന്നു.എന്നാൽ 14-15, 15-16, 16-17 വർഷങ്ങളിൽ 2630500/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയെങ്കിലും നടപ്പിലാക്കിയില്ല. ഇതിൽ നിന്നും വ്യക്തമാകുന്നത് പ്രോജക്ട് അംഗീകാരത്തിന് വേണ്ടി മാത്രം നിർബന്ധിത വകയിരുത്തൽ എന്ന നിലയിൽ പ്രോജക്ട് വിഭാവനം ചെയ്യുകയും പിന്നീട് അവയെ ഒഴിവാക്കുകയുമായിരുന്നു എന്നാണ്. ഇത്തരം പ്രവണത പഞ്ചായത്തിന്റെ ഉത്തമതാത്പര്യത്തിന് നിരക്കുന്നതല്ല. സർക്കാർ നിർദ്ദേശാനുസരണം ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ ഭരണസമിതിയും ഉദ്യോഗസ്ഥരും ഒരുപോലെ പ്രവർത്തിക്കേണ്ടതാണ് .

## 3-12 ഇ.എം.എസ് .ഭവനപദ്ധതി - വീട്നിർമ്മാണം പൂർത്തീകരിച്ചില്ല

ഇ.എം.എസ്. ഭവനനിർമ്മാണ പ്രോജക്ട് പ്രകാരം വീട് നിർമ്മാണത്തിനുള്ള ആനുകൂല്യം 140000/- രൂപ കൈപ്പറ്റിയ രാധിക മുരളി, പുതിച്ചൻ തറയിൽ, മഴക്കീർ, കല്ലിശ്ശേരി എന്ന ഗുണഭോക്താവ് നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് വിഭാവനം ചെയ്ത പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കാനായിട്ടില്ല. ഈ ഗുണഭോക്താവിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകി വീട് നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നല്കിയ സബ്സിഡിത്തുക ഈടാക്കേണ്ടതാണ്.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | :- | 671 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | :- | 1637 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | :- | 29924 |

| | | |
|---|---|---|
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | :- | 46.54 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | :- | 18 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 46 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 671 കുടുംബങ്ങളിൽ കേവലം 18 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. മാത്രമല്ല, ഓഡിറ്റ് വർഷം സോഷ്യൽ ഓഡിറ്റ് നിഷ്ക്രിയവുമായിരുന്നു.

ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 5.54 ലക്ഷം

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 46200/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രേഖകളില്ല. ഈയിനത്തിൽ ഒരു വർഷം 554400/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റികളിൽ വാർഡ് മെമ്പർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000/- രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000/- രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ കഴിയൂ. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4369847 |
| വരവ് | 21813528 |
| ആകെ | 26183375 |
| ചെലവ് | 20897776 |
| നീക്കിയിരിപ്പ് | 5285599 |

നീക്കിയിരിപ്പ് തുക പാസ് ബുക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

*റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.*

1. 2016-17 വാർഷിക കണക്കിലെ RP43 പ്രകാരമുള്ള കുടിശ്ശിക കളക്ഷൻ 15-16 ബാലൻസ് ഷീറ്റ് B15 പ്രകാരം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയേക്കാൾ കൂടിയ തുകയേക്കാൾ കൂടി നിൽക്കുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിനുള്ള മറുപടിയിൽ 15-16 ബാലൻസ് ഷീറ്റ് B15 ൽ ചേർത്തിരുന്ന കുടിശ്ശിക തുകകൾ 16-17 അക്കൌണ്ട് തയ്യാറാക്കുന്നതിനായി വിവരങ്ങൾ കൃത്യമാക്കുന്നതിനായി മാറ്റേണ്ടി വന്നുവെന്നാണ്.

| ഇനം | 2016-17 ലെ RP43 പ്രകാരം ഓരോയിനത്തിലെയും കുടിശ്ശിക വരവ് | 2015-16 ബാലൻസ് ഷീറ്റ് B15 പ്രകാരം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| റെസിഡൻഷ്യൽ ബിൽഡിങ്ങ്സിന്റെ വസ്തുനികുതി (സെസ്സ് ഉൾപ്പെടെ ) | 976728 | 841777 |
| തൊഴിൽ നികുതി | 11620 | 4660 |
| ഡി&ഒ | 4050 | 1500 |

2. ട്രേഡേഴ്സിന്റെ തൻ വർഷത്തെ തൊഴിൽനികുതിയിനത്തിൽ അക്കൌണ്ട്സ് പ്രകാരം വരവ് 57890 രൂപയും ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് 55030 രൂപയുമാണ്.
3. ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ തൻവർഷത്തെ ആകെ വരവ് കൂട്ടി എഴുതാത്തതിനാൽ അക്കൌണ്ട്സ് പ്രകാരമുള്ള വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
4. തനത് വരുമാനയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലൊന്നും തന്നെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

II. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ സംക്ഷിപ്തം താഴെപ്പറയുന്നു.

| | |
|---|---|
| ആദായം | 49372615 |

| | |
|---|---|
| (-) ചെലവ് | 49813219 |
| ഡെഫിസിറ്റ് | 440604 |
| (-)പ്രയർ പീരീഡ് ഐറ്റം | 114570 |
| പ്രയർ പീരീഡ് ഐറ്റം - ന് ശേഷം ഡെഫിസിറ്റ് | 555174 |

III. ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 – ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 15174664 |
| (-)റിസർവ്വും earmarked fund ഉം ഉൾപ്പെടെ ആകെ ബാധ്യത | 13597543 |
| പഞ്ചായത്ത് ഫണ്ട് | 1577121 |

*ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും മൂല്യം നിർണ്ണയിച്ച് ആസ്തിരജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല. ആസ്തിവിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)-152/11/ത.സ്വ.ഭ.വ, തീയതി. 26.07.11) നടപ്പാക്കിയിട്ടില്ല.
2. വിവിധ ഏജൻസിക്ക് ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകകളും (യു. സി ലഭിക്കാത്തത്) തൻവർഷം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 30,000/- രൂപയുടെ വിശദാംശവും B18ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 40000 | പാലിന് സബ്സിഡി | 40000 | ---- |
| ബ്ലോക്ക് പഞ്ചായത്ത് | 25053 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | ----- | 25053 |
| ബ്ലോക്ക് പഞ്ചായത്ത് | 80000 | പാലിന് സബ്സിഡി | 80000 | ----- |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | കൊല്ലന്തറ കോളനി കടിവെള്ള പദ്ധതി | 30000 | ----- | 30000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ / വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21813528 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 20897776 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 605200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 12000 | ഡോ. വി. ഹരികുമാർ, വെറ്ററിനറി സർജൻ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 30000 | സൂസൻ ജേക്കബ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-7 | 200000 | ഫൈസൽ.എ.എസ്, സെക്രട്ടറി |
| 3-8 | 205200 | ഡോ. ഷീജ. പി. എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-10 | 200000 | ഡോ. രാധിക.ആർ.നായർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഷീജ.പി.എൻ.<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | പി.എച്ച്.സി. പാണ്ടനാട് | ശ്രീപാദം,<br>പാണ്ടനാട് പി.ഒ, ചെങ്ങന്നൂർ |
| ഡോ.രാധിക.ആർ.നായർ,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ഗവ. ഹോമിയോ ഡിസ്പെൻസറി,<br>പാണ്ടനാട് ഗ്രാമപഞ്ചായത്ത് | തട്ടക്കാട്ട് ഹൌസ്,<br>പൊന്നേഴ, മാവേലിക്കര |
| സൂസൻ ജേക്കബ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി.<br>പാണ്ടനാട് ഗ്രാമപഞ്ചായത്ത് | തെക്കടത്ത് ഹൌസ്,<br>പള്ളിമുക്ക്,<br>കുണ്ടറ ഈസ്റ്റ് പി.ഒ., കൊല്ലം |
| ഡോ.വി.ഹരികുമാർ,<br>വെറ്ററിനറി സർജൻ | ഗവ. വെറ്ററിനറി ഡിസ്പെൻസറി,<br>പാണ്ടനാട് ഗ്രാമപഞ്ചായത്ത് | ലക്ഷ്മി വിലാസം,<br>കൊറ്റാർകാവ്, മാവേലിക്കര |
| ഫൈസൽ.എ.എസ്, സെക്രട്ടറി | സെക്രട്ടറി,<br>ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | ഷാലിമാർ,<br>അണ്ടൂർകോണം. പി. ഒ.,<br>കണിയാപുരം, തിരുവനന്തപുരം |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 1998-99 | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 1999-00 | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2002-03(ചെലവ്) | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2003-04(ചെലവ്) | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2004-05(ചെലവ്) | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11./07.02.12 |
| 2006-07 | എൽ.എഫ്.ജി.എ5-1577(ബി)/14/04.05.14 |
| 2007-08 | എൽ.എഫ്.ജി.എ5-1577(ബി)/14/04.05.14 |
| 2008-09, 09-10, 10-11 | എൽ.എഫ്.ജി.എ5-1577(ബി)/14/04.05.14 |
| 2011-12,12-13 | എൽ.എഫ്.എ.പി.7-1250/14/29.8.14/1.11.14 |

| | |
|---|---|
| 2013-14 | എൽ.എഫ്.എ.പി.7-679/15/16.07.15/06.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി. പി7/833/16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

..

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി-പി7-1254/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 25.10.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P 7-1254/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 25.10.2017

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Pandanad Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Pandanad Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.
.
.

Deputy Director

Kerala State Audit Department

Alappuzha